


His Royal Highness
Prince Khalifa bin Salman Al Khalifa
**The Prime Minister**



His Majesty
King Hamad bin Isa Al Khalifa
**The King of Bahrain**



His Royal Highness
Prince Salman bin Hamad
bin Isa Al Khalifa
**The Crown Prince, Deputy Supreme Commander and The first Deputy Prime Minister**



St. Peter

*Our Patron Saint*

*His Holiness Moran Mor Ignatius Aphrem II*



Partiarch of Antioch & All the East
Supreme Head of the Universal Syrian Orthodox Church








*Managing Committee Members 2014 - with Our Catholicos*

# Committee Members – Harvest Festival 2014

General Convener – Mr. Jacob T.V.

## Sponsorship/ Special Bulletin Committee

1 Shaj Babu Co-Ordinator
2 Achankunju V J
3 Aigi George
4 Baby V M
5 C.T. Varghese (Ponnachan)
6 Cherub George
7 Chev. Thomas Abraham
8 Dolly George
9 Ealias Thomas
10 Eldho P P
11 George Kuriakose
12 Joby John
13 Johns I Mangalam
14 Laji George
15 M M Cheriyan
16 Manoj Mathew
17 Manu Elias
18 Manu Mathew Abraham
19 Mathew Varkey
20 Mathukutty P. V.
21 Minto Mathew
22 Prince P Thomas
23 Raison Varghese
24 Reji Varghese (R035)
25 Roy Mathai
26 Saju Cherian
27 Santhosh Andrew Isaac
28 Sunil Chacochan
29 Thomas Mathai (Ani)
30 Thomas Philip
31 Vinod V Johnson

## Editorial Committee

Sl. No. Name
1 Rev. Fr. Saji Job (Chief Editor)
2 Alex John (Editor)
3 Anson P Isaac
4 Baby Paul
5 Chandy Joshua
6 Merlin Alex
7 Raju P Kurian

## Ticket Sales Committee

1 Prageesh John Tharakan Co-ordinator
2 Alias Jacob (Justin)
3 Anish Joseph
4 Baiju Mathai
5 Benny T Jacob
6 Biju Varghese
7 Ciby K Oommen
8 Eby P. Jacob
9 Eldho Alias
10 Eldhose Varghese
11 Jenson Mannur
12 Manosh Kora
13 Nelson Paulose
14 Nibu Kurian
15 Paulose M K
16 Saji Mathai
17 Saju T Abraham

## Programme Committee

1 K.M.Kurien Co-ordinator
2 Alen George
3 Bindu Anson
4 Gijo Rajan
5 Jeeja Alex
6 Jeepa Shaj
7 Prasanth Paul
8 Rachel Jaison
9 Reji Varghese
10 Robby Mathew Eappen
11 Shelby Jacob
12 Simi Elias
13 Teena Mathew

## MATERIAL COLLECTION/ CHARITY AWARENESS PROGRAM COMMITTEE

1 K.M. Kurien Co-ordinator
2 Chev.Thomas Abraham
3 Jerson C.
4 Mobi P.T.
5 Paul Varghese



## *Message from Vicar*

### ത്രിയേക ദൈവത്തിനു സ്തുതി

ലോകത്ത് മനുഷ്യനെ സ്വാധിനിക്കുന്ന ഒരുപാട് കാര്യങ്ങളുണ്ട്.സന്തോഷം,ചിലപ്പോൾ മതിമറന്നുള്ളആഘോഷം, ചില ദുഃഖദുരിതങ്ങൾ, ശരീരത്തേയും മനസ്സിനേയും ആനന്ദലഹരിയിൽ ആറാട്ടാൻ കഴിയുന്നവ.ഒരു ദൈവപൈതലിൻെറ ജീവിതത്തിൽ ഭൗതീക അനുഭൂതിയേക്കാൾ അധികം അവൻെറ മനസ്സു തുടിക്കുക ദൈവ സാന്നിധ്യബോധത്തിനാണ്.പ്രാർത്ഥനയെന്ന മഹാശക്തിയെ സ്വന്തമാക്കുക എന്നത് വളരെ പ്രാധാന്യമുള്ള കാര്യമാണ്.പ്രാർത്ഥന എന്നത് വളരെ ലളിതമായ അനുഭവമാണ്.Shakespeare പറഞ്ഞിട്ടുണ്ട് ഏറ്റവും ലളിതമായവയാണ് ഏറ്റവും കഠിനമായ വിഷയം.പ്രാർത്ഥിക്കാൻ വിമുഖതയുള്ളവർക്ക് പ്രാർത്ഥന ഭാരമായിരിക്കും.ഇന്ന് ആധുനികതയിൽ മാധ്യമങ്ങൾക്ക് നല്ല സ്ഥാനമുണ്ട്.ആശയങ്ങൾ പങ്കുവെയ്ക്കാൻ,ബന്ധങ്ങൾ സ്ഥാപിക്കാൻ തുടങ്ങി നിരവധി സാധ്യതകൾ നമുക്ക് മുമ്പിലുണ്ട്.ഉദാഹരണത്തിന് facebook,orkut,watsup,email etc……. യഥാർത്ഥ്യത്തിൽ ഈ മാധ്യമങ്ങളിലൂടെ പങ്കുവയ്ക്കുന്ന ആശയ അനുഭവങ്ങൾക്കുള്ള ദൈർഘ്യം വേണ്ട ദൈവവുമായുള്ള ബന്ധത്തിന്.

ജിവിതത്തിൻെറ തിരക്കുകളാണ് നമ്മൾ പറയുന്ന ആദ്യകാരണം.ആരാധനയിലും പ്രാർത്ഥനയിലും നിന്നു കിട്ടുന്ന ഊർജ്ജം അതളക്കുവാൻ ആർക്കും കഴിയില്ല.നമ്മുടെ പിതാക്കന്മാർ ആരാധനയിലൂടെ, പ്രാർത്ഥനയിലൂടെ,ധ്യാനത്തിലൂടെ സ്വയത്തമാക്കിയ ദൈവസാനിധ്യബോധം വളരെ മൂല്യമുള്ളതായിരുന്നു.പലപ്പോഴും നമ്മൾക്ക് പറയാനുള്ളത് പറഞ്ഞിട്ടു പോവുകയാണ് പതിവ്..എന്നാൽ ദൈവസന്നിധിയിൽ മൗനമായിരുന്നു തമ്പുരാന് നമ്മോടു പറയാനുള്ളത് കേൾക്കുവാനുള്ള സാവകാശം നമ്മൾ കാണിച്ചാൽ മതി.ഒരു ഉദാഹരണം;ഒരുകാലത്ത് ലോകത്തിലെ കണ്ണഞ്ചിപ്പിക്കുന്ന ഇരട്ടകെട്ടിടമായിരുന്നു ന്യൂയോർക്കിലെ വേൾഡ് ട്രേഡ് സെൻറർ 2011 സേപ്റ്റംബർ 11 ആയിരുന്നു അതിൻെറ തകർച്ച.ഏതാനം കൊടുംഭീകരർ അമേരിക്കൻ യാത്ര വീമാനങ്ങളിടിച്ച് അത് അഗ്നിക്കിരയാക്കി.പെട്ടന്നു നടന്ന കാര്യമല്ല അത്.ദീർഘനാളുകളായുള്ള പ്ലാനിങ്ങും ആസൂത്രണവും അതിൻെറ പിന്നിലുണ്ടായിരുന്നു ഒത്തിരി പ്രാർത്ഥനകൾ,അവരുടെ പ്രാർത്ഥനകൾ അവരുടെ ബാഗുകളിൽ നിന്ന് കണ്ടെടുക്കുകയും പിന്നീട് പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.ആ ക്രൂരകൃത്യത്തിൻെറ മുഖ്യപ്രതികൾ പ്രാർത്ഥിച്ചു. എന്തായിരുന്നു അവരുടെ പ്രാർത്ഥന,കേട്ടാൽ തോന്നും സത്യത്തിനു വേണ്ടിയായിരുന്നു എന്ന്.പരമകാരുണ്യവാനായ ദൈവമേ സാധിക്കുന്ന എല്ലാ രീതിയിലും നിന്നെ മഹത്വപ്പെടുത്തുവാൻ എന്നെ അനുവദിക്കണമെ.ഇതായിരുന്നു അവരുടെ പ്രാർത്ഥന. ഈ ക്രൂരകൃത്യം ചെയ്യാൻ അവരെ പ്രേരിപ്പിച്ചതും. ഇങ്ങനെ നിത്യജീവനിലേക്കാണ് നീ പോകുന്നത്.നേരെ പറുദീസയിലേക്ക്.പുലർച്ചേ നിർമ്മലമായൊരു മനസ്സോടെ വീമാനത്തിൽ കയറുക–ദൈവമെ നിനക്കുവേണ്ടി ഞാനിത് ചെയ്യുന്നു.നിന്നിലായിരിക്കുവാൻ ഞാനിതാ വരുന്നു…….ഈ പ്രാർത്ഥനകൾ ഉരുവിട്ടതിനുശേഷമാണ് വീമാനം ഇടിപ്പിച്ചത്.

ആയിരങ്ങളുടെ നിലവിളി ആര്‍ത്തനാദങ്ങള്‍ അന്തരീക്ഷത്തില്‍ അലയടിച്ചു.തെറ്റൊന്നും ചെയ്യാത്ത നിരവധി നിരപരാധികള്‍ പെടുന്നനവേ വെന്തെരിഞ്ഞു വെണ്ണീറായി.കൊടിയ ക്രൂരകൃത്യം(ഇന്നും അതുതന്നെ പല രാജ്യങ്ങളിലും സംഭവിച്ചുകൊണ്ടിരിക്കുന്നു) കൊടുംക്രൂരത നിറഞ്ഞ പദ്ധതി.പ്രാര്‍ത്ഥനയുമുണ്ടായിരുന്നു.റേഡിയോയിലൂടെയും മറ്റും നമ്മള്‍ ഒരുപാട് ശ്രദ്ധിക്കാറുണ്ട് പക്ഷെ തിരിച്ചു പറഞ്ഞാല്‍ പ്രയോജനമില്ല.വേറെ എവിടെ നിന്നോ ഒഴുകി വരുന്നത് അതേപടി അത് ഉരുവിടുകയാണ്.ഭീകരര്‍ റേഡിയോപോലെ പ്രവൃത്തിച്ചു,വേറെ ചിലര്‍ പഠിപ്പിച്ചു വിട്ടത് എഴുതികൊടുത്തു വിട്ടത് അതേപടി അവര്‍ അനുസരിച്ചു മറ്റൊന്നും ശ്രദ്ധച്ചില്ല.തങ്ങളുടെ അഭ്യര്‍ത്ഥനയില്‍ ദൈവത്തിന് പറയാനുള്ളത് അവര്‍ ശ്രദ്ധിച്ചില്ല.

പരീശന്‍റെ പ്രാര്‍ത്ഥന നമുക്കറിയാം ദേവാലയത്തന്‍റെ നടുക്ക് ചെന്ന് ദൈവത്തിനു നന്ദി പറഞ്ഞു സ്തുതിച്ചു.പക്ഷേ ദൈവം സ്വീകരിച്ചില്ല.കാരണം തന്‍റെ ഉള്ളിലേക്കൊന്നു തിരിഞ്ഞു ദൈവത്തിന്‍റെ സ്വരം കേള്‍ക്കാന്‍ തിരിച്ചറിയാന്‍ മിനക്കെട്ടില്ല. അലക്സാന്‍ഡ്രിയായിലെ വി.ക്ലെമന്‍റ് പറയുന്നത് ദൈവവുമായുള്ള സംഭാഷണമാണ് പ്രാര്‍ത്ഥന എന്നത്.പറയുക മാത്രമല്ല കേള്‍ക്കുകയും ചെയ്യുന്നുണ്ട്.

ജീവിതത്തിന്‍റെ പച്ചയായ യാഥാര്‍ത്ഥ്യങ്ങളിലൂടെ പോകേണ്ടിവരുമ്പോള്‍ പ്രാര്‍ത്ഥനയുടെ തീവ്രമായ അനുഭവം നമുക്കുണ്ടാവേണ്ടതുണ്ട്.യേശു തന്‍റെ പരസ്യശുശ്രൂഷയുടെ കാലത്ത് ശുശ്രൂഷയ്ക്ക് മുന്‍പും പിന്‍പും പ്രാര്‍ത്ഥിച്ചു.'അവന്‍ തിരക്കുകള്‍ വിട്ടു വേറിട്ടുപോയി പ്രാര്‍ത്ഥിച്ചു'.എന്നു കാണുന്നു.പ്രാര്‍ത്ഥനയോടെ തുടങ്ങുന്ന സകലത്തിലും ദൈവാനുഗ്രഹമുണ്ട്. കുടുബജീവിതം,പഠനം,വ്യാപാരം,കൃഷികാര്യങ്ങള്‍ തുടങ്ങി പലതിലും ശക്തമായ പ്രാര്‍ത്ഥനകള്‍ ആവശ്യമാണ്.ചിലപ്പോള്‍ പ്രാര്‍ത്ഥനയ്ക്കു മറുപടി ലഭിച്ചുകഴിഞ്ഞാല്‍ പിന്നെ ആ ഭാഗത്തേക്ക് തിരിഞ്ഞു നോക്കാന്‍ മടിയാണ്.Success is a slipping land.എന്നാണ് പറയുന്നത്.ഉയച്ച്യലെത്തികഴിഞ്ഞാല്‍ പരാജയപ്പെടുവാനുള്ള സാധ്യതകള്‍ ഉണ്ട്.ദൈവം പടിപടിയായി ഉയര്‍ത്തുമ്പോഴും,വിജയം വരുമ്പോഴും, പ്രാര്‍ത്ഥനയ്ക്കു പറുപടി തരുമ്പോഴും തിരിച്ചു ശക്തമായി തന്നെ ദേവാലയത്തില്‍ ആരാധനയ്ക്ക് ശ്രദ്ധിക്കേണ്ടതുണ്ട്.അങ്ങനെ നമ്മളിലൂടെ ദൈവം വന്‍കാര്യങ്ങള്‍ ചെയ്യാന്‍ സഹായിക്കും;മറ്റുള്ളവരെ കരുതാന്‍ സ്നേഹിക്കാന്‍ നമ്മുടെ ഓഹരി പങ്കുവെയ്ക്കാന്‍ അന്യന്‍റെ ദുഃഖത്തില്‍ പങ്കുവേരാന്‍ ജീവകാരുണ്യപ്രവര്‍ത്തികള്‍ ചെയ്യാനും അതുമൂലം കിട്ടുന്ന അനുഗ്രഹങ്ങള്‍, ഐശ്വര്യങ്ങള്‍ എന്താണെന്ന് തിരിച്ചറിയുവാനുള്ള ഉള്‍കണ്ണ് കര്‍ത്താവ് തരും.ഈ അനുഗ്രഹമാണ് തലമുറകള്‍ക്ക് കരുതിവയ്ക്കാനുള്ളത്.

സ്നേഹപൂര്‍വ്വം,

ക്രിസ്തുയേശുവില്‍,

നിങ്ങളുടെ സജിയച്ചന്‍.



## *Message from Secretary*

Small Steps, Big Leaps…

Dear in Christ,

There was something special about the way the Harvest Festival was held this year. Not only the event was held at a venue outside the Church for the first time, but an atmosphere was also created to help people do the right thing. The resounding message throughout our charity drive was: "if you cannot feed a hundred people, then feed just one". A little bit of thoughtfulness – a small act of kindness – that shows that you really care, will help someone find beauty in this precious life we live. We did not have to scream and push anyone; a whisper here and a gentle nudge or a subtle tweak there produced very positive results. And the end result indeed surpassed all expectations!

What we have witnessed was a rare display of unity and oneness within our Church on the one hand, and our well-wishers from the larger outside community on the other. The Small Steps initiated by us will certainly help to remove tears from the eyes of a few; and will also pave way to take Big Leaps in our pursuit to care for our less fortunate brethren. The financial support we have mobilized here will be used to provide grants to most deserving people with an emphasis on meeting basic needs of food, clothing, shelter and other necessities.

The success of this year's charity drive teaches us a very important and pertinent lesson - that there are unfinished works lying ahead of us and that we cannot afford to be complacent. There are miles to go before we can sleep. The heaven above will open up and pour blessings on us in abundance when the young and the old join hands to work together as one team for a noble cause just as has been demonstrated through our charity-drive. Together, we need to take Big Leaps forward in our collective resolve.

We bow our heads in humility before the Almighty God for the abundant blessings, and salute all those who generously contributed, with time and money, and supported willingly our charity- efforts. I also wish to express our deep appreciation and thanks to our Vicar Rev. Fr. Saji Job, and to my colleagues in the Managing Committee, especially the General Convener Mr. Jacob T.V., for their commitment and commendable efforts exerted in ensuring absolute success of this year's Harvest Festival.

We express our gratitude to His Majesty King Hamad Bin Isa Al Khalifa, His Royal Highness Prince Khalifa Bin Salman Al Khalifa, The Prime Minister, His Royal Highness Prince Salman Bin Hamad Al Khalifa, The Crown Prince and First Deputy Prime Minister and Deputy Supreme Commander of Bahrain Defense Force, and all ministers and government officials for their wise policies and freedom given to all people residing in Bahrain to practice their religions without hindrance.

God Bless us all.

K.M. Kurien



# *Message from General Convener*

“The more we come out and do good to others, the more our hearts will be purified, and God will be in them” Swami Vivekandan

Dear Brethren,

Unlike in previous years, this year’s Harvest Festival has been conducted at an outside venue in a more attractive and different style with variety of cultural and activity oriented programs & food stall. Thus we were able to provide a new beginning to our Annual Harvest Festival so as to make this noble venture a real gala. The active participation and contribution of our members and well-wishers in all spheres have been very encouraging, which will certainly motivate and strengthen our charitable activities for the current year and also for the years to come. Let us kneel down before God Almighty and thank Him for showering His abundant blessings upon us to make this year’s Harvest Festival a unique event with tremendous success and thoroughly enjoyable one.

I have immense pleasure to place on record our deep thanks and appreciation to all individuals and establishments who have come forward and lent their genuine support to make this event truly successful. This will empower us to be in greater services to the society. Our special thanks go to all sponsors, advertisers, donors, participants in auction, Spiritual Associations, and also to the Sunday School Teachers & our beloved children who have presented the cultural programs. The co-operation and hard work of the fellow managing committee members and Harvest Festival sub-committee members are the main driving force behind the successful organization of the event. Our reverend vicar Fr. Saji Job has led us effectively from the forefront to accomplish our mission. At last but not the least, I would like to express our sincere thanks and gratitude to Dr. Varghese Kurien, Management and staff of VKL Holding for providing us with the venue for conducting this year’s Harvest Festival at absolutely free of cost.

With Prayers,

Sincerely yours,

Jacob T V

General Convener

Harvest Festival 2014



# *Message from Editor*

“കൊടുപ്പിൻ;എന്നാൽ നിങ്ങൾക്ക് കിട്ടും;അമർത്തിക്കുലുക്കി കവിയുന്നൊരു നല്ല അളവ് നിങ്ങളുടെ മടിയിൽ തരും;നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കു അളന്നു കിട്ടും.”(ലൂക്കോ.6:38).

ഇതു നമ്മോടുള്ള ദൈവത്തിന്റെ വാഗ്ദാനമാണ്.നാം ഓരോരുത്തരും ഭൂമിയിലേക്കു വന്നത് ശൂന്യഹസ്തരായിട്ടാണ്.ശ്വസിക്കാനുള്ള വായുവോ,കുടിക്കാനുള്ള വെള്ളമോ, കഴിക്കാനുള്ള ആഹാരമോ,ഉടുക്കുവാനുള്ള വസ്ത്രമോ,കിടക്കുവാനുള്ള ഇടമോ ഒന്നും കൂടെ കൊണ്ടുവന്നില്ല.ഇവിടെ നമുക്കുള്ളത് എല്ലാം ദൈവത്തിന്റെ ദാനമാണ്.

നമ്മുടെ ഈ സമൂഹത്തിൽ സഹായം ആവശ്യമുള്ള നിരവധിപേർ ഉണ്ട്.ദരിദ്രരും, അനാഥരും,രോഗികളും,അഗതികളും,വിധവകളും,വികലാംഗരും,വൃദ്ധജനങ്ങളും, കുട്ടികളും ഒക്കെ അതിൽപ്പെടുന്നു.അവരെ സഹായിക്കുക എന്നത് സഹജീവികളായ നമ്മുടെ ഓരോരുത്തരുടെയും കടമയാണ്.നാം ദൈവത്തിൽ നിന്നും ദാനമായ് സ്വീകരിച്ചവ മറ്റുള്ളവർക്കുകൂടി പങ്കുവയ്ക്കുന്നതിലൂടെ ദൈവത്തോടു നാം നന്ദി പറയുകയാണ് ചെയ്യുന്നത്, അഥവാ ദൈവത്തോടുള്ള നമ്മുടെ സ്നേഹപ്രകടനമാണ് അതിലൂടെ വെളിപ്പെടുത്തുന്നത്. മറ്റുള്ളവരെ സഹായിക്കുമ്പോൾ നാം നമ്മെത്തന്നെ ഉദ്ധരിക്കുകയാണ് ചെയ്യുന്നത്.

നാം ചെയ്യുന്ന സേവനത്തിന്റെ വലുപ്പമോ;കൊടുക്കുന്ന സംഖ്യയുടെ കണക്കോ അല്ല അതിന്റെ മൂല്യവും മഹത്വവും നിർണയിക്കുക,മറിച്ച് അതിന്റെ പ്രേരകവും സ്വഭാവുമത്രേ. സ്നേഹവും ആദരവും സേവനമനോഭാവവും ആയിരിക്കണം നമ്മുടെ സഹായത്തിന്റെ ഉദ്ദേശം.

നമുക്കുള്ളത് അല്പമാണെങ്കിലും സന്മനസോടെ നൽകുമ്പോൾ നാം അൽപത്തിൽ വിശ്വസ്തരാവുകയും അധികത്തിന് അവകാശികളാവുകയും ചെയ്യുന്നു.സമൂഹത്തിൽ കുറവുകൾ ഉള്ളവരെ പരിഗണിക്കുകയും സഹായിക്കുകയും ചെയ്യുന്നതിലൂടെ സ്വർഗ്ഗത്തിലും നമ്മടെ നിക്ഷേപം ഇരട്ടിക്കും എന്നത് സ്പഷ്ടമായ കാര്യമാണ്.

വർഷങ്ങളായ് നമ്മുടെ ഇടവക സമൂഹത്തിലെ നിരാലംബർക്ക് നമ്മളാൽ ആകുന്നവിധത്തിലുള്ള സഹായം ചെയ്യാൻ സാധിക്കുന്നു എന്നത് വളരെ മഹത്തായ ഒരു കാര്യം തന്നെയാണ്.ഈ വർഷവും ആ സേവനം ചെയ്യുവാൻ നമ്മുടെ ഇടവകജനങ്ങളെല്ലാം വളരെ ആത്മാർത്ഥമായ് ഒത്തൊരുമയോടെ,സന്മനസ്സോടെ പങ്കാളികളായതിൽ എല്ലാവരോടും പ്രത്യേകമായ് നന്ദി പറയുന്നു.എല്ലാത്തിനും ഉപരിയായ് സർവ്വശക്തനായ ദൈവത്തെ മഹത്വപ്പെടുത്തുന്നു.

ഈ വർഷത്തെ Harvest festival-നോട് അനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന ചർച്ച് ബുള്ളറ്റിന്റെ പ്രത്യേക പതിപ്പ് ഒരു വൻ വിജയമാക്കാൻ സഹകരിച്ച നിങ്ങളെ എല്ലാവരെയും പ്രത്യേകം സ്മരിച്ചുകൊണ്ട് ഈ സ്പെഷ്യൽ ബുള്ളറ്റിൻ നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നു.

ദൈവതിരുനാമം മഹത്വപ്പെടട്ടെ..........

സ്നേഹപൂർവ്വം,

അലക്സ് ജോൺ(എഡിറ്റർ)



വായിച്ചു വളരുക

“വായിച്ചാലും വളരും,വായിച്ചില്ലെങ്കിലും വളരും;വായിച്ചുവളരുന്നവൻ വിളയും
വായിക്കാതെ വളരുന്നവൻ വളയും”

കുഞ്ഞുണ്ണിമാഷ്

June 19 കേരളീയരുടെ വായനാദിനം;മലയാളികളെ അക്ഷരത്തിൻെറയും വായനയുടെയും ലോകത്തിലേക്ക് നയിക്കുകയും കേരളത്തിലെ ഗ്രന്ഥശാല പ്രസ്ഥാനത്തിന് അടിസ്ഥാനമിടുകയും ചെയ്ത ശ്രീ.P.N.Panicker-രുടെ ചരമദിനമാണ് വായനാദിനമായി ആചരിക്കുന്നത്.

Digital medias ലൂടെ അറിവും വിനോദവും നേടാനും ആശയ വിനിമയം നടത്താനും കഴിയുന്ന ഇക്കാലത്ത് നമ്മൾ മാതാപിതാക്കളിലും കുട്ടികളിലും വായനയുടെ പ്രാധാന്യം കുറഞ്ഞു വരുന്നു.കുട്ടികളുടെ വായന പാഠപുസ്തകങ്ങളിൽ ഒതുങ്ങുന്നു.പാഠപുസ്തകങ്ങളോ തൊഴിലധിഷ്ഠിതവും.എന്നാൽ പാഠപുസ്തകങ്ങൾക്കും വിദ്യാലയങ്ങൾക്കും അപ്പുറത്തുള്ള ഒരു വായനാലോകം നമ്മുടെ കുട്ടികൾക്ക് നൽകേണ്ടതുണ്ട്.ആ വായനയിലൂടെ കടന്നുപോകുന്ന കുട്ടികൾ തികച്ചും വ്യത്യസ്തവും സ്വതന്ത്രവുമായ വിജ്ഞാന മേഖലകളിലക്ക് എത്തിപ്പെടുന്നു.

ദൃശ്യമാധ്യമങ്ങളുടെ കടന്നു കയറ്റം നമ്മുടെ കുട്ടികളുടെ വായനയെ സാരമായിത്തന്നെ ബാധിച്ചിട്ടുണ്ട്.അവയ്ക്ക് മനുഷ്യമനസ്സിനെ കീഴടക്കാനുള്ള അസാമന്യ ശക്തിയുണ്ട്.A picture is worth 1000 words എന്നാണല്ലോ!എന്നിരുന്നാലും വായന തരുന്ന അനുഭൂതിക്ക് പകരം വയ്ക്കാൻ മറ്റൊന്നുമില്ല.ചിന്താശേഷിയും ഭാവനാഷേിയും വളത്തുവാൻ വായനയോളം ഒരു ദൃശ്യമാധ്യമത്തിനും കഴിയുകയില്ല.ഒരു ദൃശ്യം എന്നാൽ രചയിതാവിൻെറ ഭാവനയുടെയും ചിന്താശേഷിയുടെയും സൃഷ്ടി ആണ്.അവിടെ നമ്മൾ കാഴ്ചക്കാരാം ആസ്വാദകർ മാത്രം. മറിച്ച് വായനയിലൂടെ നമ്മുടെ ചിന്താശക്തി ഉണന്നു പ്രവത്തിക്കുന്നതിൻെറ ഫലമായി വാക്കുകൾ ചിത്രങ്ങളായി നമ്മുടെ മനസ്സിൽ പതിയുന്നു.അങ്ങനെ നാം ഭാവനയിലൂടെ ഒരു ലോകം സൃഷ്ടിക്കുന്നു.

കുട്ടികളിൽ ഉച്ചാരണ ശക്തിയും,ഭാഷാ നൈപുണ്യവും വ്യക്തമാകുന്നതിനും,ഏകാഗ്രത, ആത്മവിശ്വാസം,സാമൂഹിക ബോധം,വ്യക്തിത്വം,പൊതുവിജ്ഞാനം എന്നിവയെല്ലാം വളത്തിയെടുക്കുന്നതിനും വായനയുടെ പങ്ക് നിണ്ണായകമാണ്.T.V. കാണുന്ന കുട്ടികളേക്കാൾ വായനാശീലമുള്ള കുട്ടികളിലാണ് ബുദ്ധിവികാസം വദ്ധിക്കുന്നത് എന്ന് വിവിധ പഠനങ്ങൾ വ്യക്തമാക്കുന്നു.

മുതിന്നവരുടെ അനുഭവ പാഠത്തിൻെറ അമൂല്യ നിധികളാണ് അവർ എഴുതിയ പുസ്തകങ്ങൾ.പരിവത്തനത്തിനാവശ്യമായ സമ്പത്ത് അതിലുണ്ടായിരിക്കും.അവ മനുഷ്യൻ കാലത്തിനൊത്ത് ഉയന്ന് പ്രവത്തിക്കാൻ ഉതകുന്ന പുത്തൻ ആശയങ്ങൾ തരുന്നു.‘ഇന്നു വായിക്കുന്നവൻ നാളെ നയിക്കും.’ എന്ന പഴമൊഴി വായനയുടെ പ്രധാന്യം എത്രമാത്രം എന്നു വ്യക്തമാക്കുന്നു.

വായന അറിവും വെളിച്ചവുമാണ്.നന്മ നിറഞ്ഞ വഴിയിലൂടെ നയിക്കാൻ പറ്റുന്ന ആത്മാത്ഥ സുഹൃത്തുക്കൾ ആണ് പുസ്തകങ്ങൾ.ജീവിതത്തിൻെറ നിണ്ണായക ഘട്ടങ്ങളിൽ വായനയിലൂടെ സ്വായത്തമാക്കിയ അറിവ് നമുക്ക് പ്രകാശം തരുമെന്ന കാര്യം നിഷ്പക്ഷമാണ്.വാനയിലൂടെ ആജ്ജിക്കുന്ന അറിവ് ഒരു വ്യക്തിയെ എത്രമാത്രം സ്വാധീനിക്കുന്നു എന്നതിന് ഉത്തമ ഉദാഹരണങ്ങളാണ് .മഹാത്മാഗാന്ധിജിയും.APJ Abdul Kalam എന്നിവരൊക്കെ.

സംസ്ക്കാര സമ്പന്നനായ ഒരു വ്യക്തിയെ രൂപപ്പെടുത്തുന്നതിൽ സുപ്രധാന ഘടകം അയാളുടെ വായനയാണ്.വായനയിലൂടെ ഒരു വ്യക്തിക്ക് ലോകത്തിൻെറ നാനാഭാഗങ്ങൾ സന്ദശിക്കുവാനും അനേക വ്യക്തികളെ പരിചയപ്പെടാനും വിവിധ സംസ്കാരങ്ങളെ അടുത്തറിയുവാനും സാധിക്കുന്നു.

സദ്ശീലങ്ങളെ ഉത്തേജിപ്പിക്കാനും പരിപോഷിപ്പിക്കാനും വായന പോലെ മറ്റൊന്നില്ല.മാനവ ഹൃദയങ്ങളിൽ മതിക്കാനാവാത്ത മൂല്യങ്ങൾ നിറയ്ക്കാൻ വായനക്കു കഴിയും.വായിച്ചു വളരുന്ന തലമുറ നാടിൻെറ സമ്പത്താണ്.കുട്ടികളിൽ വായനാശീലം വളത്തുന്നതിൽ മാതാപിതാക്കളുടെ പങ്ക് എന്തെല്ലാം.

കുട്ടികളിൽ വായനാശീലം വീടുകളിൽ നിന്നും തുടങ്ങണം.അതിൽ ഏറ്റവും സഹായിക്കാനാകുക മാതാപിതാക്കൾക്കാണ്.സമയത്തോടൊപ്പം ക്ഷമയും ഇതിനാവശ്യമാണ്. വായനാശീലം ഒരു മണിക്കൂർ കൊണ്ടോ ഒരു ദിവസം കൊണ്ടോ ഉടലെടുക്കുന്ന ഒന്നല്ല.മറ്റേതുകലയേപ്പോലെ ദിവസങ്ങളുടെ practice ആവശ്യമാണ്.

കുട്ടികളിൽ വായനാശീലം വളത്തിയെടുക്കാൻ

ആദ്യമായി ചെയ്യേണ്ടത് ദിവസം ക്രമീകരിക്കുമ്പോൾ വായനയ്ക്കായി കുറച്ചു സമയം നീക്കിവെക്കണം.

മറ്റു കാര്യങ്ങളിലെന്നപോലെ വായനയിലും മാതാപിതാക്കൾ കുട്ടികളുടെ role model ആയിരിക്കണം.നമ്മൾ വായിക്കുന്നത് നമ്മുടെ കുട്ടികൾ കാണട്ടെ;അവരോടൊപ്പമിരുന്ന് വായിക്കുന്നത് അവക്ക് ഏറെ പ്രചോദനമാണ്.

കുട്ടികളുടെ പ്രയത്തിനും അഭിരുചിക്കുമനുസരിച്ച് നല്ല പുസ്തകങ്ങൾ തിരഞ്ഞെടുത്തു കൊടുക്കുക.

ചെറിയ കുട്ടികൾക്ക് കൂടുതൽ ചിത്രങ്ങളുള്ള വലിയ അക്ഷരത്തിലുള്ള പുസ്തകങ്ങളാണ് നല്ലത്.മാതാപിതാക്കൾ അവക്ക് വായിച്ചു കൊടുക്കുന്നതിനോടൊപ്പം ഇടയ്ക്ക് അവരെകൊണ്ട് തിരിച്ചു പറയിപ്പിക്കുക.നല്ല morals ഉള്ള കഥകൾ അവക്ക് വളരെ ഗുണം ചെയ്യും.

വാക്കുകൾ കൂട്ടിവായിച്ചു തുടങ്ങുന്ന സമയത്ത് പരസ്യ ബോർഡുകളിലെ വാക്കുകൾ,name boards,road signs,food labels,menu cards എന്നിവ വായിക്കാൻ പ്രേരിപ്പിക്കുക.

Book fair/library ഇവിടെയൊക്കെ കുട്ടികളെ കൊണ്ടുപോവുക.word making games കളിപ്പിക്കുക.

Occasions വരുംമ്പോൾ gift ആയി നല്ല പുസ്തകങ്ങൾ വാങ്ങി കൊടുക്കാം.

പത്ര പാരായണം ശീലിപ്പിക്കുക.ദിനപത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയിൽ വരുന്ന പ്രധാന സംഭവങ്ങൾ ഉൾപ്പെടുത്തി ഒരു file/Album തയ്യാറാക്കിപ്പിക്കാം.

വായച്ചു കഴിഞ്ഞ പുസ്തകങ്ങൾ അതാതുസ്ഥലങ്ങളിൽ തിരിച്ചുവെയ്ക്കാൻ പഠിപ്പിക്കുക.

വായനയ്ക്ക് പറ്റിയ ഒരു അന്തരീക്ഷം വീട്ടിൽ ഉണ്ടായിരിക്കണം.

കുട്ടികൾ എന്ത് വായിക്കുന്നു എന്നതിനെകുറിച്ച് മാതാപിതാക്കൾ വ്യക്തമായ ധാരണയുണ്ടാക്കണം.ഉയന്നുവരുന്ന ജീവിത സാഹചര്യങ്ങളെ നേരിടാനുള്ള ഉണർവ്വ് നൽകുന്നതാവണം അവരുടെ വായന എന്നു ഉറപ്പാക്കണം.

T.v,computer എന്നിവ കുട്ടികളുടെ വായനാ സമയത്തെ അപഹരിക്കാതിരിക്കാൻ ശ്രദ്ധിക്കുക.

ശാസ്ത്രം,ചരിത്രം,പൊതുവിജ്ഞാനം,ജീവചരിത്രം,ആത്മകഥ,travels ഇവയെല്ലാം കുട്ടികളുടെ വായനയിൽ ഉൾപ്പെടുത്തുന്നത് നല്ലതാണ്.

ഇങ്ങനെ വായനയിലൂടെ അറിവും പുത്തൻ ആശയങ്ങളും സംസ്കാര സമ്പന്നതയും ചിന്താശേഷിയും സ്വയമത്തമാക്കിയ മനസ്സിൻെറ ഉടമകളാവുകയും അതുവഴി സമൂഹത്തിന് നല്ല മൂല്യങ്ങൾ പ്രദാനം ചെയ്യാൻ പറ്റുന്ന ഒരു പുതിയ തലമുറയാവട്ടെ നമ്മുടെ കുട്ടികൾ.

Sigi Lal



## ആരാധനാ വഷം

പരിശുദ്ധ യാക്കോബായ സഭയ്ക്ക് അതീവ ശ്രേഷ്ഠവും പൗരാണികവുമായ ഒരു ആരാധന ക്രമവും അതുപോലെതന്നെ ആരാധനാ വഷവും ക്രമീകരിച്ചു തന്നിട്ടുണ്ട്,നമ്മുടെ പുവ്വീക പിതാക്കന്മാരും,പുരോഹിത ശ്രേഷ്ഠന്മാരും ചേന്ന്.

കത്താവിൻെറ പരസ്യ ശുശ്രൂഷയിൽ വിവിധ ഘട്ടങ്ങളും രക്ഷാപദ്ധതികളുടെ ലക്ഷ്യവും വിശ്വാസികളുടെ ഹൃദയത്തിൽ ആഴമായി പതിക്കുന്നതിനാണ് ആരാധനാ വഷം സഭ ക്രമീകരിച്ചിരിക്കുന്നത്.

ആരാധനാ വഷത്തിൻെറ കേന്ദ്രം ഉയിപ്പ് പെരുന്നാളാണ്.അതായത് യാക്കോബായ സഭയുടെ ആരാധനാ വഷത്തിൻെറ മദ്ധ്യത്തിലാണ് ഉയിപ്പ് പെരുന്നാൾ വരുന്നത്.എന്നാൽ ഒരോ ഞായാറാഴ്ചകളും (ഈ ദേശത്ത് വെള്ളി) ഉയിപ്പിൻെറ പ്രതിവാര ആഘോഷമായതിനാൽ 'കൃംത' (ഉയിപ്പ്).അല്ലെങ്കിൽ ലിറ്റിൽ ഈസ്റ്റർ എന്നാണ് അറിയപ്പെടുന്നത്.

ആരാധനാ വഷത്തെ ഏകദേശം 7 ആഴ്ചകൾ വീതമുള്ള 7 ഭാഗങ്ങളായി തരംതിരിക്കാം. ഉല്പത്തി പുസ്തകത്തിൻെറ ഒന്നാം അദ്ധ്യാത്തിൻെറ അടിസ്ഥാനത്തിൽ ലോകവും കാലവും 7ആയി തരം തിരിച്ചിരിക്കുന്നു.നമ്മളെ സംബന്ധിച്ചിടത്തോളം പൂണ്ണതയുടെ പ്രതീകമാണ്7.

ക്രൈസ്തവ സഭയിൽ ആരാധനാ വഷം ഏഴു കാലങ്ങളായിട്ടാണ് വിഭച്ചിരിക്കുന്നത്ത്

1. കൂദശ്ഈത്തോ മുതൽ ജനനപ്പെരുന്നാൾ വരെ (സുബോറോ കാലം or അറിയിപ്പിൻെറ കാലം)

യാക്കോബായ സുറിയാനി സഭയിൽ ആരാധനാ വഷം ആരംഭിക്കുന്നത് കൂദശ്ഈത്തോ ഞായറാഴചയാണ്.ഒക്ടോബർ 29–ന് ശേഷം വരുന്ന ആദ്യത്തെ ഞായറാഴചയാണ് കൂദശ്ഈത്തോ.ഈ ഞായറാഴ്ച അടിസ്ഥാനമാക്കിയാണ് വഷത്തിലെ എല്ലാ ഞായാറാഴ്ചകളുടേയും കണക്കുകൾ ക്രമീകരിച്ചിരിക്കുന്നത്.ഏതൻ തോട്ടത്തിൻെറ സ്ഥാപനവും,സീനായ് പവ്വതത്തിലെ മരവും,സമാഗമന കൂടാരത്തിൻെറ സ്ഥാപനവും,പഴയ നിയമത്തിൻെറ പാപപരിഹാരദിനവും,സഭയുടെ ശിലാസ്ഥാപനവും,ശുദ്ധീകരണവുമാണ് ഈ ഞായറാഴ്ചയുടെ വിഷയങ്ങൾ.

സുബോറോക്കാലത്ത് ആകെ ഏഴ് ആഴ്ചകളാണുള്ളത്.രണ്ടാമത്തെ ഞായറാഴ്ച ഹുദോസ് ഈത്തോ (സഭയുടെ നവീകരണം or ആത്മപുതുക്കം – ദൈവകൃപയുടെ ഉറവയും,ദിവ്യാരാധനയ്ക്ക് ഒരു സ്ഥലമായി മോശ പ്രവാചകൻ സമാഗമന കൂടാരത്തെ ശുദ്ധീകരിച്ച ഒമ്മയാണ്).ബാക്കിയുള്ള 5 ആഴ്ചകൾ രക്ഷകനെ പറ്റിയുള്ള സന്ദേശങ്ങളാണ്.അതുകൊണ്ടാണ് സുബോറോ കാലത്തിന് "അറിയിപ്പിൻെറ കാലം" എന്നു പേരു വന്നത്.ഈ ആഴ്ചകളെ 'ആഗമനത്തിൻെറ നാളുകൾ' എന്നും പറയാറുണ്ട്.

സുബോറോക്കാലത്തെ ഏഴു ഞായറുകൾ

1. കൂദശ് ഈത്തോ (സഭയുടെ ശിലാസ്ഥാപനം or ശുദ്ധീകരണം)
2. ഹുദോസ് ഈത്തോ (സഭയുടെ ആത്മപുതുക്കം or പ്രതിഷ്ഠ)
3. സഖറിയായോടുള്ള അറിയിപ്പ്
4. ദൈവമാതാവിനോടുള്ള വചനിപ്പ്
5. കന്യകമറിയം എലിസബേത്തിനെ സന്ദശിച്ചത്
6. യോഹന്നാൻ സ്നാപകൻെറ ജനനം
7. യൗസേഫിനുണ്ടായ ദശനം.

2. ജനനപ്പെരുന്നാൾ മുതൽ വലിയ നോമ്പ് വരെ (യൽദോ–ദനഹാക്കാലം)

ക്രിസ്തുമസ്സിന് മുൻപത്തെ ഞായറാഴ്ച മുതൽ വലിയ നോമ്പ് ആരംഭിക്കുന്നതു വരെയുള്ളകാലം (പേത്രത്തോ ഞായർ).ഉയിപ്പ് പെരുന്നാളിൻെറ തിയതി മാറുന്നതനുസരിച്ച് ഈ കാലത്തുള്ള ഞായാറാഴ്ചകളുടെ എണ്ണം കൂടിയും കുറഞ്ഞും വരാറുണ്ട്.ഇക്കാലത്തെ പ്രധാന പെരുന്നാളുകളായ ക്രിസ്തുമസ്സ് (യൽദോ),കത്താവിൻെറ മാമോദീസയും (ദനഹാ പെരുന്നാൾ) വരുന്നതു കൊണ്ടാണ് യൽദോ–ദനഹാക്കാലം എന്നു പേരു വന്നത്.മറ്റു വിശേഷ ദിവസങ്ങളായ

ഡിസംബർ 26 – ദൈവമാതാവിൻെറ പുകഴ്ച പെരുന്നാൾ

ജനുവരി 7 – സ്നാപകയോഹന്നാൻെറ പുകഴ്ചപെരുന്നാൾ

ജനുവരി 8 – ആദ്യ രക്തസാക്ഷിയായ മോർ സ്തേഫാനോസിൻെറ ഓമ്മ.

ഈക്കാലത്തിൻെറ അവസാന ഞായർ അനീദെ ഞായറും(വാങ്ങിപ്പോയ സകല വിശ്വാസികളെയും ഓക്കുന്ന ദിവസം).അതിനുമുമ്പുള്ള ഞായർ കൊഹനെ ഞായർ (വാങ്ങിപ്പോയ വൈദീകരെ ഓക്കുന്ന

ദിവസം) ആണ്.കൊഹനെ ഞായറാഴ്ചയുടെ മുമ്പത്തെ തിങ്കളഴ്ച 3 നോമ്പ് (നിനവെ നോമ്പ്) ആരംഭിക്കുന്നത്.

3. വലിയ നോമ്പ്കാലം :-

കൊത്തിനെ ഞായർ(വെള്ളം വീഞ്ഞാക്കിയ ദിവസം, പേത്രത്താ) മുതൽ ദുഃഖശനിയാഴ്ച വരെയുള്ള ഏഴ് ആഴ്ചക്കാലം വലിയ നോമ്പിൻെറ കാലമായതിനാൽ ഇതിനെ നോമ്പുക്കാലം എന്ന് അറിയപ്പെടുന്നു.ഇക്കാലത്തെ പ്രധാന പെരുന്നാൾ കന്യക മറിയത്തോടുള്ള വചനിപ്പു പെരുന്നാൾ (മാച്ച് 25) ആണ്.

നോമ്പുകാലത്തെ ഞായറാഴ്ചകളുടെ പ്രാധാന്യം.

1. കൊത്തിനെ ഞായർ  (പേത്രത്ത)-കത്ത്ാവ് വെള്ളം വീഞ്ഞാക്കി.
2. രണ്ടാം ഞായർ - കുഷ്ഠരോഗിയെ സൗഖ്യമാക്കി.
3. മൂന്നാം ഞായർ - പക്ഷപാതരോഗിയെ സൗഖ്യമാക്കി.
4. നാലാം ഞായർ - ക്നാനയാക്കാരിയുടെ മകളെ ഭൂതബാധയിൽ നിന്ന് ഒഴിവാക്കി.
5. അഞ്ചാം ഞായർ - കൂനിയായ സ്ത്രീയെ സൗഖ്യമാക്കി.
6. ആറാം ഞായർ - കുരുടനെ സൗഖ്യമാക്കി.
7. ഏഴാം ഞായൻ - ഓശാന ഞായർ.

4. ക്യംതാകാലം (ഉയിപ്പ് മുതൽ പെന്തിക്കോസ്തീ വരെ)

ഉയിപ്പ് ഞായർ മുതൽ പെന്തിക്കോസ്തി വരെയുള്ള ഏഴു ഞയറാഴ്ചകളാണ് ഈ കാലത്തുള്ള ത്.ആദിമകാലങ്ങളിൽ ഉയിപ്പിനോടനുന്ധിച്ച് മാമോദീസ സ്വീകരിച്ച സഭാമക്കൾ ഈ ആഴ്ച മുഴുവനം വെള്ള വസ്ത്രം ധരിച്ചാണ് നടന്നിരുന്നത്.അതുകെണ്ട് ഉയിപ്പ് മുതൽ പുതുഞായറാഴ്ചവരെയുള്ള ഒരാഴ്ചക്ക് ഹേവോറോ അഥവാ വെൺമയുടെ ദിവസങ്ങൾ എന്നു പറയുന്നു.

5. പെന്തിക്കോസ്തിക്കാലം (ശ്ലീഹാക്കാലം)

പെന്തിക്കോസ്തി പെരുന്നാൾ മുതൽ ആഗസ്റ്റ് 5 വരെ ശ്ലീഹന്മാരുടെ സുവിശേഷ പ്രഘോഷണവും,പത്രോസ്,പൗലോസ് ശ്ലീഹന്മാർ (ജൂൺ 29),മാർത്തോമ്മാ ശ്ലീഹ (ജൂലൈ 3) തുടങ്ങിയവരുടെ ഓമ്മ്യും കൊണ്ടാടുന്നതുകൊണ്ടാണ് ഈക്കാലത്തിന് ശ്ലീഹാക്കാലം എന്നും പേരുണ്ട്.

പെന്തിക്കോസ്തി മുതലുള്ള ഒരാഴ്ചക്കാലം

1. ശ്ലീഹന്മാരുടെ മേൽ പരിശുദ്ധാത്മാവാസം - ഞായർ
2. വി.മൂറോൻ കൂദാശ - തിങ്കൾ
3. വി.കുബ്ബാന അപ്പിക്കാനള്ള ബലിപീഠം കൂദാശ -ചൊവ്വ
4. വി.യാക്കോബ് ശ്ലീഹായുടെ ആദ്യത്തെ വി. കുബ്ബാനാപ്പണം - ബുധൻ
5. കാനോനുകളുടെ രൂപികരണം - വ്യാഴം
6. പത്രോസും യോഹന്നാനം കൂടി മുടന്തനെ സൗഖ്യമാക്കൽ - വെള്ളി
7. ശ്ലീഹന്മാരിടെ പ്രവത്ത്നമേഖലകളുടെ നിശ്ചയം - ശനി.

ഈയൊരാഴ്ച സഭയെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട സംഭവങ്ങൾ നടന്ന ദിവസങ്ങളാണ്.

6. തേജസ്ക്കരണം മുതൽ സ്ലീബാപ്പെരുന്നാൾ വരെ.

കത്ത്ാവ് ഒലിവുമലയിൽ രൂപാന്തരപ്പെട്ടതിൻെറ ഓമ്മ്യായ തേജസ്ക്കരണ പെരുന്നാൾ (കൂടാരപ്പെരുന്നാൾ) ഈ കാലയളവിൽ വരുന്നതുകൊണ്ടാണ് ഈക്കാലത്തെ തേജസ്ക്കരണക്കാലം എന്നു പറയുന്നത്.ഓഗസ്റ്റ് 6 മുതൽ സെപ്റ്റംബർ 13 വരെയാണ് ഈക്കാലം.ഇതിൽ വരുന്ന പ്രധാന പെരുന്നാൾ ആണ് ഓഗസ്റ്റ് 15(ശുനോയോ പെരുന്നാൾ).

7. സ്ലീബാക്കാലം (സ്ലീബാ മുതൽ കൂദോശ് ഈത്തോ വരെ)

സ്ലീബാ പെരുന്നാൾ ദിനമായ സെപ്റ്റംബർ 14 മുതൽ കൂദോശ് ഈത്തോ വരെയുള്ള ആഴ്ചകളാണ് ഈക്കാലത്തുള്ളത്.കത്ത്ാവിനെ ക്രൂശിച്ച കുരിശ് ഹെലനി രാജ്ഞി കണ്ടെടുത്ത് ദൈവാലയത്തിൽ പ്രതിഷ്ഠിച്ചതിൻെറ ഓമ്മ്യാണ് സ്ലീബാ പെരുന്നാൾ.സ്ലീബാ കാലാന്ത്യത്തിൻെറ ദിവ്യമായ അടയാളമാണ്.അതിനാൽ ലോകാവസാനം,മരിച്ചവരുടെ ഉയിപ്പ്,പൊതുവിധി,കത്ത്ാവിൻെറ രണ്ടാം വരവ്,സ്വഗ്ഗീയ യെരുശലേമിൻെറ ആവിർഭാവം എന്നിവതെല്ലാം അനുസ്മരിക്കുന്ന കാലമാണ് സ്ലീബാകാലം.

ആരാധനയ്ക്കു പ്രാധാന്യം നൽകുന്ന നമ്മുടെ സഭയുടെ ആരാധന ക്രമങ്ങൾ എത്ര അത്ഥ്വത്തും ആനന്ദപ്രദവുമാകുന്നുവെന്ന് മനസ്സിലാക്കി നല്ല ഒരുക്കത്തോടും ഭയഭക്തിയോടുംകൂടി ഓരോ ആരാധനാ വഷങ്ങളിലും സംബന്ധിക്കാൻ ദൈവം ഏവരേയും അനുഗ്രഹിക്കുമാറാകട്ടെ!

അജിത് പി.വൈ.

(അവലംബം-യാക്കോബായ സിറിയൻ ക്രിസ്ത്യൻ ഇൻെറനെറ്റ് റിസോസ്സ്)



# WHY THE "RIB"?

I had always wondered why God used Adam's rib to make Eve. I had heard preachers and others speculate and theorize why. Some quote theologian Matthew Henry in saying that God didn't take a bone from man's foot because he didn't want her to be man's servant, or from his head because God didn't want her to be man's master, but from his side so she would be his companion, or, the supposition that he took it from near Adam's heart as in reference to affection. As I sat there pondering on this, I knew there was a Divine reason, a spiritual law involved, and possibly even a natural/physical law involved.

The first thing that came to my mind was "why a bone?" Lord could have used any part of Adam's body to create Eve—the liver, the brain, the heart. Why a bone? It came to my mind, "Bone marrow". While doing a research about bone marrow, I was surprised to find that bone marrow not only produces red and white blood cells and platelets, it houses stem cells. It is from these stem cells that the blood cells and platelets are created. And these stem cells are used for reproductive cloning now.

This revelation about the bone was awesome, but it made me realize even more that there was a definite reason why God used a specific bone, why the rib?" An article by a Doctor stated that the rib is the only bone in the human body that not only has the ability to repair itself, but can regenerate itself! Rib was also the bone that protects man's life. My spirit leaped within me and my thoughts were spinning like a whirlwind!

God chose from Adam the one bone that could regenerate itself. So, even though he likely had one less rib bone for some period of time, we still observe perfection and completeness in Adam physically due to the regenerative capability of the ribs.

God chose the rib which protects his heart and lungs and supports him, as women are meant to do. Around this one bone He shaped woman. He modeled woman. He created woman perfectly and beautifully. A woman's characteristics are like the rib, strong yet delicate and fragile. She provides protection for the most delicate organ in man, his heart. His heart is the center of his being; his lungs hold the breath of life. The rib cage will allow itself to be broken before it will allow damage to the heart.

Women, let's support man as the rib cage supports the body.

Compiled by Malini Kuriakose

## Announcement

| | | |
|---|---|---|
| June27 | - | VBS ആരംഭം |
| June29 | - | ഇടവക പെരുന്നാൾ വി.കുർബ്ബാന 7.30 P.M. |
| July2 | - | മാർ തോമശ്ലീഹായുടെ ദുഖ്റോനോ വി.കുർബ്ബാന 7.30 P.M. |

അനുശോചനം,

നമ്മുടെ ഇടവകാംഗമായ ശ്രീ.ലിജി റ്റി.കെ-യുടെ പിതാവും,ശ്രീ.വർഗ്ഗീസ് കോശിയുടെ പിതാവും,ശ്രീ.കെ.കെ എബ്രാഹത്തിൻെറ ഭാര്യാമാതാവും കർത്താവിൽ നിദ്ര പ്രാപിച്ച വിവരം വ്യസനസമേതമറിയിക്കുന്നു.സന്തപ്ത കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തുന്നതോടൊപ്പം,പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.



## ജീവിതം ഒന്നേയുള്ളു അത് പാഴാക്കികളയുവാനുള്ളതല്ല

ഒരു മനുഷ്യൻ ജനനം എന്ന മൂന്നക്ഷരത്തിൽ തുടങ്ങി മരണമെന്ന മൂന്നക്ഷരത്തിൽ അവസാനിക്കുമ്പോൾ അതിനിടയിലുള്ള ജീവിതമെന്ന മൂന്നക്ഷരമാണ് നാം ക്രമീകരിക്കേണ്ടത്.ഈ ജീവിതമാണ് മരണാനന്തര ജീവിതത്തിലേക്കുള്ള ജയപരാജയങ്ങളെ തീരുമാനിക്കുന്നത്.

"നല്ല ഫലം കായ്ക്കാത്ത വൃക്ഷം എല്ലാം വെട്ടി തീയൽ ഇടുന്നു"മത്തായി 7:19.

"വീശുമുറം അവന്റെ കൈയ്യിൽ ഉണ്ട്.കളത്തെമുറ്റം വെടിപ്പാക്കി,കോതമ്പ് കളപ്പുരയിൽ കൂട്ടിവയ്ക്കുകയും,പതിർ കെടാത്ത തീയിൽ ഇട്ടുചുട്ട് കളയും."മത്തായി 2:12.

"ദൂതന്മാർ പുറപ്പെട്ട് നീതിമാന്മാരുടെ ഇടയിനിന്നും ദുഷ്ടന്മാരെ വേർതിരിച്ച് തീച്ചൂളയിൽ ഇട്ടുകളയും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും".മത്തായി 13:49.

"കൊള്ളരുതാത്ത ദാസനെ ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്ക് തള്ളികളയുവിൻ അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും".മത്തായി 25:30.

കത്താവിന്റെ രണ്ടാമത്തെ വരവിൽ,രണ്ടാമത്തെ പുനരാഗമാനത്തിൽ നടക്കുന്ന കാര്യങ്ങളാണ് ഇവിടെയൊക്കെ പരാമശിച്ചിരിക്കുന്നത്.നല്ലതിനെ കൂട്ടിചേക്കയും, നല്ലതല്ലാത്തതിനെ കെടാത്ത തീയിലേക്ക് വലിച്ചെറിഞ്ഞ് ചുട്ടുകളയുന്ന ന്യായവിധിയുടെ ഒരു ദിവസം നമ്മെ കാത്തിരിപ്പുണ്ട് എന്ന സത്യം ഓമ്മപ്പെടുത്തുകയാണ്.

ജീവിതം എന്താണെന്നറിയണമെങ്കിൽ മരണം നമ്മുടെ ഭാവനയിൽ കാണണം.മരിച്ച ഒരു വ്യക്തിയെ മനോഹരമായ പുതിയ വസ്ത്രങ്ങൾ ഉടുപ്പിച്ച് ചെവിയിലും,മൂക്കിലും പഞ്ഞി കുത്തിനിറച്ച് കാലിന്റെ പെരുവിരൽ രണ്ടും കൂട്ടികെട്ടി ശവപ്പെട്ടിയിൽ കിടത്തിയിരിക്കുന്നത് നമ്മളൊക്കെ കണ്ടിട്ടുണ്ട്.

"ഹേ മനുഷ്യാ നിനക്ക് അഹങ്കരിക്കുവാൻ എന്താണുള്ളത്" ഏതു മനുഷ്യനും ഉറച്ചു നിന്നാൽ ഒരു ശ്വാസമത്രെ.(സങ്കീ.39:5).മരണമെന്ന പശ്ചാത്തലം,ജീവിതമെന്ന യാഥാത്ഥ്യത്തിലേക്ക് നമ്മെ വഴിനയിക്കുന്നു.മനുഷ്യൻ ജനിക്കുന്നു,ജീവിക്കുന്നു,മരിക്കുന്നു. പലരും ചോദിക്കാറുണ്ട് ഈ ലോകത്ത് ജീവിക്കാൻ ഒരു ചാൻസുകൂടി കിട്ടുമോ.ഇയ്യോബ് 14:14-ൽ ഒരു മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ എന്നു ചോദിക്കുന്നുണ്ട്.ഇല്ല. ഒരിക്കലുമില്ല.ഈ ലോകജീവിതം ഒരിക്കൽ മാത്രമേയുള്ളു എന്ന സത്യം തിരിച്ചറിഞ്ഞ് ജീവിക്കുക.

നമ്മുടെ രക്ഷക്കുവേണ്ടി ജീവൻ കൊടുത്ത കത്താവ് നമ്മോട് ചോദിക്കുന്ന ഒരു ചോദ്യമുണ്ട്.നീ എനിക്കുവേണ്ടി എന്ത് ചെയ്തു?(മത്തായി 25:35-40).എനിക്ക് വിശന്നു,നിങ്ങൾ ഭക്ഷിപ്പാൻ തന്നു.ദാഹിച്ചു,നിങ്ങൾ കുടിപ്പാൻ തന്നു.ഞാൻ അഥിതിയായിരുന്നു,നിങ്ങൾ എന്നെ ചേത്തുകൊണ്ടു.നഗ്നനായിരുന്നു,നിങ്ങൾ എന്നെ ഉടുപ്പിച്ചു.രോഗിയായിരുന്നു,നിങ്ങൾ എന്നെ കാണ്മാൻ വന്നു.തടവിൽ ആയിരുന്നു,നിങ്ങൾ എന്റെ അടുക്കൽ വന്നു. നീതിമാന്മാർ ചോദിച്ചു,ഇങ്ങനെയുള്ള ഒരവസ്ഥയിലും ഞങ്ങൾ അങ്ങയെ കണ്ടില്ലല്ലോ. കത്താവ് അരുളിചെയ്തു."എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന് നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്കു ചെയ്തു എന്ന് ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു". (മത്തായി25:40).നീതിമാന്മാരോടായി കത്താവ് വീണ്ടും അരുളിചെയ്തു. "ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരുന്ന സ്വഗ്ഗരാജ്യം അവകാശമാക്കിക്കൊൾവിൻ"(മത്തായി 25:34). ആക്കെങ്കിലും ഈ നന്മ പ്രവൃത്തി ചെയ്യുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ,ഇത് ചെയ്വാനുള്ള അവസരം ഇപ്പോൾ കൈവന്നിരിക്കുന്നു.സമയം തക്കത്തിൽ ഉപയോഗിക്കുക,ഇതാണ് സുപ്രഭാതകാലം,ഇതാണ് രക്ഷാദിവസം.ജീവിതം ഒന്നേയുള്ളു.അതു പാഴക്കികളയുവാനുള്ളതല്ല.

ദൈവം തന്നതിൽ നിന്ന് ഒരു ചെറിയ പങ്ക് സമൂഹത്തിൽ കഷ്ടത അനുഭവിക്കുന്ന, രോഗത്താൽ ഭാരപ്പെടുന്ന,വേദന അനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങൾക്കായി സന്തോഷത്തോടെ കൊടുപ്പാൻ,ദൈവത്തിനു കൊടുപ്പാൻ എല്ലാം അറിയുന്നവനായ കത്താവ് നമ്മെ ശക്തീകരിക്കട്ടെ,ബലപ്പെടുത്തട്ടെ എന്ന പ്രാത്ഥനയോടെ,

ബേബി മൂന്നുപീടിയേക്കൽ,
അങ്കമാലി.

## Quiz No:4 Luke 13-24

1. എവിടെ നിന്നു എവിടേയ്ക്കു പോകുന്നവരുടെ കണ്ണാണ് ഉയിർത്തെഴുന്നേറ്റ യേശുവിനെ അറിയാത്തവണ്ണം നിരോധിച്ചിരുന്നത്?
2. ദരിദ്രനായ വിധവ എല്ലാവരെക്കാളും അധികം വഴിപാട് ഇട്ടിരിക്കുന്നു എന്ന് യേശു പറയുവാനുള്ള കാരണം എന്ത്?
3. ദരിദ്രനായ ലാസർ മരിച്ചപ്പോൾ ദൂതന്മാർ അവനെ എവിടേക്കാണ് കൊണ്ടുപോയത്?
4. 13-ാം അദ്ധ്യായത്തിൽ ദൈവരാജ്യത്തെ ഏതിനൊടെല്ലാം സാദൃശ്യപ്പെടുത്തി പറയുന്നുണ്ട്?
5. എന്തിനെക്കുറിച്ച് അവർ ചഞ്ചലിച്ചിരിക്കുമ്പോഴാണ് മിന്നുന്ന വസ്ത്രം ധരിച്ചു രണ്ടു പുരുഷന്മാർ അരികെ നില്ക്കുന്നത് കണ്ടത്?
6. ഞാൻ എൻെറ ശിഷ്യന്മാരുമായി പെസഹാ കഴിക്കുവാനുള്ള ശാല എവിടെ എന്നു ഗുരു നിന്നോടു ചോദിക്കുന്നു എന്ന് പത്രോസും,യോഹന്നാനും ആരോടാണ് പറഞ്ഞത്?
7. യേശുവിനെ വാക്കിൽ പിടിക്കേണ്ടതിന് തക്കം നോക്കി നീതിമാന്മാർ എന്നു നടിക്കുന്ന ഒറ്റുക്കാരെ യേശുവിൻെറ അടുക്കലേക്ക് അയച്ചത് ആരെല്ലാം?
8. അന്നു അവർ തമ്മിൽ സ്നേഹിതന്മാരായിരുന്നു.മുമ്പെ അവർ തമ്മിൽ വൈരമായിരുന്നു.ആരെല്ലാം?
9. ആര് സൊദോം വിട്ട നാളിലാണ് ആകാശത്തു നിന്നു തീയും ഗന്ധകവും പെയ്ത് എല്ലാവരെയും മുടിച്ചു കളഞ്ഞത്?
10. ഏതു നഗരത്തെ കണ്ടാണ് യേശു കരഞ്ഞത്?
11. യേശു കൈ ഉയർത്തി ശിഷ്യന്മാരെ അനുഗമിച്ചിട്ട്,എവിടെ നിന്നാണ് സ്വർഗ്ഗാരോഹണം ചെയ്തത്?
12. മാനസാന്തരപ്പെടുന്ന ഒരു പാപിയെ ചൊല്ലി എവിടെയാണ് അധികം സന്തോഷം ഉണ്ടാകുന്നത്?
13. ഇനി ഒരു കുറവു നിനക്കുണ്ട്,നിനക്കുള്ളതൊക്കേയും വിറ്റു ദരിദ്രന്മാക്കു് കൊടുക്കുക.ആര് ആരോട് പറഞ്ഞു?
14. യേശു പ്രാണനെ വിടുന്ന സമയത്ത് പറഞ്ഞത് എന്താണ്?
15.ന്യായപ്രമാണത്തിൽ നിന്ന് ഒരുപുള്ളി വീണു പോകുന്നതിനേക്കാൾ എന്ത് ഒഴിഞ്ഞു പോകുന്നത് എളുപ്പം എന്നാണ് യേശു പറഞ്ഞത്?

## Quiz No: 3 Luke 1-12

## Answer

1. സീദോനിലെ സരെപ്തയിലെ വിധവയുടെ അടുക്കൽ 4:26
2. ദൈവത്തിൻെറ വാക്ക് വിശ്വസിക്കാതിരുന്നതിനാൽ 1:20
3. ലോക ജാതികൾ 12:30

4. വചനം കേട്ടു ഗുണമുള്ള നല്ല ഹൃദയത്തിൽ സംഗ്രഹിച്ചു ക്ഷമയോടെ ഫലം കൊടുക്കുന്നവർ 8:15

5. യാക്കോബ് ഗൃഹത്തിന് 1:33

6. പരീശന്മാർക്കും,ശാസ്ത്രിമാർക്കും 6:11

7. കൊന്നിട്ടു നരകത്തിൽ തള്ളിക്കളയുവാൻ അധികാരമുള്ളവനെ ഭയപ്പെടുവിൻ 12:5

8. യെഹൂദന്മാരുടെ മൂപ്പന്മാരെ 7:3

9. ശീലകൾ ചുറ്റി പശുത്തൊട്ടിയിൽ കിടക്കുന്ന ഒരു ശിശു 2:12

10. നിങ്ങളുടെ പേര് സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതിനാൽ 10:20

11. സുറിയാനിക്കാരൻ 4:27

12. തെക്കേ രാജ്ഞി 11:31

13. പത്രൊസ്,യോഹന്നാൻ,യാക്കോബ് 9:34

14. സർപ്പ സന്തതികളെ 3:7

15. ശീമോൻ പത്രൊസ് 5:8

WINNERS OF BIBLE QUIZ #3 MAY 2014

1) Zibi Benny
2) Sindu Joji
3) Lissy Sunil
4) Shaiby Baby
5) Lali Chandy Joshua
6) Joji Susan Mani
7) Shiny Binu
8) Sheeba Roy
9) Sheeja Polson
10) Elsy Abraham
11) Aleyamma Thomas
12) Jeepa Shaj
13) Bisy Eby
14) Sezil Baby
15) Moly Baby
16) Lissy Paulose
17) Synee Deena Varguhese
18) Sheela Manoj
19) Bindhu Sunil
20) Blessy Prajeesh
21) Suni Philip
22) Jismol jayan
23) Shelby Jacob
24) Jean Sara Ajith
25) Serene Scaria
26) Sosamma Scaria
27) Beena Mathew


Congratulations.......

Usha Achenkunju




**Bible Crossword for June 2014**

This crossword is all about 'Easter'. Read the Gospels and from your general knowledge, find out the answers. Clues are given below:




| ACROSS | DOWN |
|---|---|
| 1- Another name for Jesus | 2- After 40 days, Jesus ascended to ................ |
| 5- Doubting .......................... | 3- An angel rolled away the .......... covering the tomb. |
| 6- Jesus rode a ................. into Jerusalem | 4- People greeted Jesus with ......... branches |
| 7- Disciple who denied knowing Jesus | 6- Where Jesus died |
| 10- Easter season ................... | 8- Mary ........... discovered Jesus had risen |
| 11- Coloured Easter .................... | 9- ...........sentenced Jesus to die |
| 13- ..................... of Gathsemane | 12- Season before Easter |
| 16- Easter celebrates the .......... of Jesus | 14- .............betrayed Jesus |
| 17- Sunday before Easter. | 15- Easter animal? |

**Answers to Bible Crossword for May 2014**




## Winners Of Crossword - May 2014

1) Christy Mary Thomas
2) Sofia .c.Paul
3) Basil Prince
4) Abel Prince
5) Christin Paul
6) Sharon Paul
7) Sarah Laji
8) Abel Rejan Varghese
9) Mahal Mani Ulahannan
10) Elias Mathew
11) Serene Scaria
12) Sebine Scaria
13) John .T.Alex
14) Don Sabu Vakey
15) Christina Ealias
16) Blessy Mariam Philip
17) Eldho Jaimon
18) Anitta Mariya Polson
19) Renita Roy
20) Anjana Mariam Roy
21) Chithira Sabu
22) Athira Sabu
23) Sam Paul
24) Flemy Sarah Eby
25) Kezia Baby Paul
26) Fiyona Baby
27) Akhil .C.Sunil
28) Dan Abraham
29) Liya
30) Roshan Thomas Roy
31) Diya Ann Kuriakose
32) Anna Aigi
33) Anjali M . S
34) Kripa Susan Thomas
35) Kamal Baby Paul
36) Johan Ajith
37) Naina Mariam Prajeesh
38) Tania Rachel Anson
39) Jeeba Biju
40) Alina Ealias
41) Jibu Joseph Biju
42) Sarah Santosh
43) Merlin Mary
44) Milan Mani Mathew
45) Lena Ann Roby
46) Akhil Basil Paulose
47) Edwin Mathew
48) Irine

*Congratulations......*



# അന്യോന്യം കാലുകളെ കഴുകുവീൻ

ഈ ലോകവും അതിലെ സകല ചരാചരങ്ങളും സർവശക്തനായ ദൈവത്താൽ സൃഷ്ടിക്കപെട്ടിരിക്കുന്നു. ദാസവേഷം ധരിച്ച് ലോകത്തിൽ വന്ന ദൈവത്തിന്റെ പുത്രൻ തന്റെ സൃഷ്ടിയായ മനുഷ്യന്റെ കാലുകളെ കഴുകിയിട്ട് അവരോടു പറഞ്ഞു " ഞാൻ നിങ്ങൾക്ക് ചെയ്തതു പോലെ നിങ്ങളും ചെയ്യേണ്ടതിനു ഞാൻ നിങ്ങൾക്ക് ദൃഷ്ടാന്തം തന്നിരിക്കുന്നു ". അന്യോന്യം കരുതുവാനും സ്നേഹിപ്പാനും മറ്റുള്ളവരെ ശുശ്രൂഷിപ്പാനും നാം തയ്യാറായാൽ മാത്രമേ ഈ സമൂഹത്തിൽ നിലനില്ക്കുവാൻ കഴിയൂ.

ക്രിസ്തീയ ധർമ്മശാസ്ത്രത്തിന്റെ ഒരു അടിസ്ഥാന പ്രമാണമാണ് ക്രിസ്തീയ കാര്യവിചാരകത്വം. നമ്മുടെ ജീവിതത്തിൽ നമുക്ക് ലഭിക്കുന്ന സമ്പത്ത്, താലന്തുകൾ , സമയം ഇതിന്റെയെല്ലാം കാര്യവിചാരകത്വം ഭംഗിയായി നിർവഹിക്കണം. പങ്കിടലിന്റെ അനുഭവത്തിലൂടെ നാം കൂടുതൽ കൂടുതൽ അനുഗ്രഹിക്കപെട്ടവരാകും.

'അഗതികളുടെ അമ്മ' എന്ന് അറിയപ്പെടുന്ന മദർ തെരേസ ചെയ്ത നിസ്വാർത്ഥമായ സേവനത്തിന്റെ അടിസ്ഥാനകാരണം താൻ ഈ ലോകത്തിൽ ക്രിസ്തുവിനുവേണ്ടി വേല ചെയ്യുന്നു എന്ന ഉറച്ച വിശ്വാസമായിരുന്നു; ആയതിനാൽ അവർ അനേകം ലോകബഹുമതികൾ വാരിക്കൂട്ടി. "എളിയവനെ ആദരിക്കുന്നവൻ ഭാഗ്യവാൻ. അനർത്ഥദിവസത്തിൽ യഹോവ അവനെ വിടുവിക്കും. യഹോവ അവനെ കാത്തു ജീവനോടെ പാലിക്കും. അവൻ ഭൂമിയിൽ ഭാഗ്യവാനായിരിക്കും". ( സങ്കീ 41: 1-2)

രണ്ടാം ലോക മഹായുദ്ധത്തിൽ തകർക്കപെട്ട ക്രിസ്തുവിന്റെ ഒരു വലിയ പ്രതിമ ഇന്നും പാരീസിൽ ഉണ്ട്. രണ്ടു കൈകളും ഉയർത്തിപ്പിടിച്ച് മനുഷ്യവർഗത്തെ അനുഗ്രഹിക്കുന്ന സുന്ദരമായ ഒരു പ്രതിമയായിരുന്നു. അതിന്റെ രണ്ടു കൈകളും ബോംബാക്രമണത്തിൽ തകർന്നുപോയി. പല കലാകാരന്മാർ ശ്രമിച്ചിട്ടും അതു പഴയ രീതിയിൽ പണിയുവാൻ കഴിഞ്ഞില്ല. കൈകളില്ലാത്ത ആ പ്രതിമയുടെ അടിയിൽ ഒരു ഫലകത്തിൽ ഇപ്രകാരം കുറിച്ചിരിക്കുന്നു " "; നിങ്ങളുടെ കരങ്ങളല്ലാതെ എനിക്ക് വേറെ കരങ്ങളില്ല".

പ്രസിദ്ധനായ ആംഗലേയ കവി റ്റി. എസ്. എലിയറ്റ് അദ്ദേഹത്തിൻറെ "വേസ്റ്റ് ലാൻഡ് " എന്ന കവിതയിൽ ഈ ഭൂമിയുടെ ശൂന്യാവസ്ഥയെ പറ്റി വിവരിക്കുന്നു. അദ്ദേഹം ആ കവിത ഇപ്രകാരം അവസാനിപ്പിക്കുന്നു. "ഭയാത്വ, ഭമ്യദ ശാന്തി, ശാന്തി, ശാന്തി". അതിന്റെ വിവർത്തനം ഇപ്രകാരമാണ് "കൊടുക്കുക, കരുണകാണിക്കുക, സ്ഥിരമാനസരായിരിക്കുക, സമാധാനം ലഭിക്കും" . മനസ് സ്ഥിരമായവർക്കു മാത്രമേ മറ്റുള്ളവരുടെ ബുദ്ധിമുട്ടിൽ ദയയും സഹതാപവും അനുഭവപ്പെടൂ. അപ്പോൾ പങ്കുവെയ്ക്കുവാൻ നാം തയ്യാറാകൂ.

ആയതിനാൽ യഥാർത്ഥ ക്രിസ്ത്യാനി എന്ന് അഭിമാനിക്കുന്ന നാം ഓരോരുത്തരും അന്യോന്യം കാലുകളെ കഴുകുവാൻ തയ്യാറായെങ്കിൽ മാത്രമേ ക്രിസ്തുരാജ്യം കെട്ടിപ്പടുക്കുവാൻ സാധിക്കുകയുള്ളൂ. അതിനായി ദൈവത്തിന്റെ പരി. റൂഹ നമ്മെ ഓരോരുത്തരെയും സഹായിക്കുമാറാകട്ടെ.

*******************************************

Merlin Alex

# കുട്ടപ്പൻെറ മീനുകൾ

ഒരു ശനിയാഴ്ച പ്രഭാതം അന്നമ്മചേടത്തി പത്രവും വായിച്ചു വരാന്തയിലിരിക്കുന്നു.നോട്ടം ഇടയ്ക്കിടെ മുമ്പിലെ വഴിയിലേക്കാണ്.മീൻകാര് ആരേലും വരുന്നുണ്ടോ എന്നാണ് ആ നോട്ടം.മീനെന്തെങ്കിലും വാങ്ങി ഇന്ന് കറി വച്ച് വച്ചാൽ നാളെ പള്ളിയിൽനിന്നും ഓടി പിടിച്ച് വന്നിട്ട് ചോറും കറിയുമൊന്നും ഉണ്ടാക്കാൻ മെനക്കെടേണ്ട.വന്നിട്ട് അല്പം ചോറ് മാത്രം വച്ചാൽ മതിയല്ലോ.

“പൂയ്........ മീൻ പൂയ്............”

ഇടവഴിയിൽനിന്നും മീൻകാരൻെറ വിളി കേൾക്കുന്നു.

അന്നമ്മചേട്ടത്തി ചട്ടിയുമെടുത്തു പതിയെ വേലിക്കലേക്ക് നീങ്ങി.ഓ ഇന്നിത് കുട്ടപ്പൻ ആണല്ലോ മീനുമായിട്ട്.പറ്റീര് നടത്താൻ മിടുക്കനാ ഇവൻ.ഇവനോട് മീൻ വാങ്ങണോ?അന്നമ്മചേട്ടത്തി ഒന്ന് സംശയിച്ചു.

അപ്പോഴേക്കും അടുത്തെത്തിയ കുട്ടപ്പൻ സൈക്കിൾ നിർത്തി അന്നമ്മചേട്ടത്തിയെ വിളിച്ചു.

“അന്നമ്മചേട്ടത്തിയേ........ മീൻ വേണ്ടേ?......... നല്ല പിടക്കുന്ന മീൻ..........”

“കുട്ടപ്പാ നിന്നെ വിശ്വസിച്ചെങ്ങനെ മീൻ വാങ്ങും?നീ കാണിക്കുന്ന മീനല്ലല്ലോ ചട്ടിയിൽ വരുന്നത്.കഴിഞ്ഞതവണ നീ തന്ന മീൻ കണ്ടാൽ സുന്ദരം.പക്ഷേ കറി വച്ചപ്പോളല്ലേ തനിഗുണം വെളിയിൽ വന്നത്.വായില് വയ്ക്കാൻ കൊള്ളില്ലായിരുന്നു.അതേപടി എടുത്തു കളഞ്ഞു.”

അന്നമ്മചേട്ടത്തി അങ്ങനെ പറയരുത് ഈ കുട്ടപ്പൻ ഒരു രക്ഷയുടെ അനുഭവത്തില് ജീവിക്കുന്നവനാ.കൂട്ടായ്മ ആചരിക്കുന്നവനാ.എൻെറ കുട്ടയില് നല്ല മീനുകൾ മാത്രമേ ഉണ്ടാവാറുള്ളു.അത് കേടു വന്നത് അന്നമ്മചേടത്തി മീനില് ചേർത്ത ഏതേലും കൂട്ടിൻെറ കുഴപ്പം കൊണ്ടാകും.ഞാനു് മീനെടുക്കുന്ന വള്ളക്കാരും എന്നെപ്പോലെ രക്ഷയുടെ അനുഭവത്തിലുള്ള ആളുകളാണ്.അവര് നല്ല മീനുകൾ മാത്രമേ പിടിച്ചുകൊണ്ട് വരാറുള്ളു അത് ചേട്ടത്തിക്കറിയാവോ?

അന്നമ്മചേട്ടത്തി മനസ്സില്ലാ മനസ്സോടെ അല്പം മീൻ വാങ്ങി.ഇനി ആ പ്രാഞ്ചിയെങ്ങാനും ഇന്ന് വന്നില്ലേലോ?

മീൻ വെട്ടിയപ്പോൾ തന്നെ അന്നമ്മചേട്ടത്തിക്ക് സംശയം തോന്നി.ഇന്നത്തെ മീനും പണികിട്ടി.

കറി വച്ചപ്പോൾ അന്നമ്മചേട്ടത്തിക്ക് പൂർണ്ണബോധ്യമായി താൻ ഇന്നും വളരെ വിദഗ്ദമായി കബളിക്കപ്പെട്ടിരിക്കുന്നു.വെറുതെ കാശും സമയവും കളഞ്ഞല്ലോ ദൈവമേ...... ഈ കറി വയിൽ വച്ച് കൂട്ടിയാല് നാക്ക് പിന്നെ ഒന്നിനും കൊള്ളാതാകും.

അന്നമ്മചേട്ടത്തി കബളിക്കപ്പെട്ട ദുഃഖത്തോടെ വരാന്തയിൽ വന്നിരുന്നു.ഇനി മേലിൽ കുട്ടപ്പനോട് മീൻ വാങ്ങുന്ന പ്രശ്നമില്ല.

ആ പ്രാഞ്ചിയാണെങ്കിൽ കൊണ്ടുവരുന്ന മീനില് കുറെയൊക്കെ വയറു പൊട്ടിയതും വലുതും ചെറുതും ഒക്കെയാണെന്നുള്ള ഒരു കുഴപ്പമേയുള്ളു.പക്ഷേ ഒരിക്കലും കറിവച്ചാല് കൂട്ടാൻ പറ്റാത്തപോലത്തെ മീനുകൾ ഒന്നും ഇന്നുവരെ തന്നിട്ടില്ല.

അങ്ങനെ ചിന്തിച്ചിരിക്കെ വേലിക്കൽ ഒരു ഹോണടികേട്ടു.നോക്കിയപ്പോൾ പ്രാഞ്ചി മീനുമായി സൈക്കിളിൽ നില്ക്കുന്നു.

അന്നമ്മചേട്ടത്തിയേ മീനൊന്നും വേണ്ടായോ?നാളെ ഞായറാഴ്ചയാ.ഉച്ചയ്ക്കുണ്ണാൻ കൊച്ചുമകൻ മോനിച്ചൻ ജോലി സ്ഥലത്തുനിന്നും ഇങ്ങു വരത്തില്ലയോ?

അന്നാമ്മചേട്ടത്തി പതിയെ വേലിക്കലേക്ക് ചെന്നു."എടാ പ്രാഞ്ചിയെ നിനക്ക് കാലത്തെ ഇച്ചിരെ നേരത്തെ വന്നുടായിരുന്നോ"?മണി പതിനൊന്നര ആയല്ലെയുള്ളു ചേട്ടത്തീ.മീൻ ഇപ്പോൾ വെട്ടി അടുപ്പില് കേറ്റിയാൽ മതിയല്ലോ.

അതല്ലടാ പ്രാഞ്ചി,നീ വരവോ ഇല്ലയോന്നു അറിയാഞ്ഞ കാരണം ഞാൻ ഇന്നാ കുട്ടപ്പൻെറ കൈയ്യിൽനിന്നും കുറച്ചു മീൻ വാങ്ങി.കണ്ടാൽ നല്ല സിംബ്ലൻ മീനുകളായിരുന്നു.പക്ഷെ കറി വച്ചപ്പോൾ വയിൽ വയ്ക്കാൻ കൊള്ളില്ല.

ചേട്ടത്തിക്ക് അങ്ങനെ തന്നെ വരണം.ആരേലും കുട്ടപ്പനോട് മീൻ വാങ്ങുവോ?അവൻെറ മീനൊക്കെ സ്നാനപ്പെടുന്ന മീനുകളാണെന്ന് ചേട്ടത്തക്കറിയില്ലേ?

സ്നാനപ്പെടുന്ന മീനുകളോ?എന്താടാ പ്രാഞ്ചി ഈ പറയുന്നേ?

അതെ എൻെറ അന്നമ്മചേട്ടത്തീ.കുട്ടപ്പൻ മിനെടുക്കുന്നത് അവൻെറ കൂട്ടത്തിലുള്ള ചിലരുടെ അടുത്തുനിന്നുമാ.മറ്റു വള്ളക്കാര് ഐസ് ഇട്ടു മീൻ കൊണ്ടുവരുമ്പോൾ ഇവര് എന്തോ മരുന്നിട്ടാണ് കൊണ്ടുവരുന്നത്.അതിൽനിന്നും അല്പം വയറു പൊട്ടിയതും ചെറുതിനെയും ഒക്കെ ദൂരെ കളയും.കണ്ടാൽ നല്ല മുഴുപ്പും സുന്ദരവുമായ മീനുകൾ മാത്രം കൊണ്ടുവരും.

അത് കുട്ടപ്പൻ വാങ്ങിയ ശേഷം അതേ മരുന്നൻെറ ലായനിയില് മീനുകളെ മുഴുവൻ സ്നാനപ്പെടുത്തും.പിന്ന ആ മീനുകളെ കണ്ടാൽ ആകെയൊരു സൗന്ദര്യമാണ്.ആരും കണ്ടാൽ വാങ്ങി പോകും.പക്ഷേ ചേട്ടത്തി പറഞ്ഞപോലെ വയ്ക്കുമ്പോളല്ലേ തനി നിറം അറിയു.

അന്നാമ്മ ചേടത്തി താടിക്ക് കൈയ്യും കൊടുത്തു കേൾക്കുകയാണ്.

ഞാൻ മീൻ വാങ്ങുന്നത് ജോസേട്ടൻെറയൊക്കെ വള്ളത്തിൽ നിന്നാണ്.ജോസേട്ടൻ നാളത്രെയായി ഈ പണി തുടങ്ങിയിട്ട്.കിട്ടുന്ന എല്ലാ മീനുകളേയും തരം തിരിച്ചു കുട്ടകളിലാക്കും.കടലിൽ നിന്ന് പിടിക്കുന്നതല്ലേ?ചിലത് വയറു പൊട്ടിയതാകും.ചിലത് ചെറുതായിക്കാം.ചിലതാകട്ടെ കാണുവാനം ഒരു ഭംഗിയും ഉണ്ടാകില്ല.എങ്കിലും ജോസേട്ടൻ ഒരു കെമിക്കലിലും മുക്കില്ല.വേർതിരിക്കുകയുമില്ല.

ഹാ.......അന്നാമ്മചേട്ടത്തി ഒന്ന്ഇരുത്തി മൂളി.

നിന്നാൽ ഒക്കുകേല്ല.മീനെല്ലാം വിൽക്കണം.മീനേ........മീനേ.......... പൂയ്

പ്രാഞ്ചി അതിവേഗം സൈക്കിളിൽ കയറിപോയി.

സഭയിലെയും കാര്യം ഇങ്ങനെ തന്നെയല്ലെ?സഭ ആദ്യകാലം മുതലേ പലതരം ആളുകളെ ജാതികളിൽ നിന്ന് ശേഖരിച്ചു.അവരിൽ ചെറിയവരും വലിയവരും അംഗഹീനരും ആരോഗ്യവാന്മാരും ബലഹീനരും ശക്തരും ഒക്കെ ഉണ്ടായിരുന്നു.അവരെയൊക്കെ സഭ ഉൾക്കോള്ളുന്നു.അവർ തമ്മിൽ യാതൊരു വേർതിരിവും കാണിക്കുന്നില്ല.യേശുവിൻെറ

കല്പന പ്രകാരം പത്രോസ് പിടിച്ചതും 153 മത്സ്യങ്ങളെ അല്ലെ?അവയെ ഒന്നും കര്ത്താവ് തരം തിരിച്ചില്ല.പൗലോസിൻെറ ഗലാത്യ സഭയിലും പാപികൾ ഉണ്ടായിരുന്നില്ലേ? പാപികളെയും പുണ്യവാന്മാരേയും വിശുദ്ധരെയും ദൃശ്യസഭ ഒരുപോലെ ഉൾക്കൊള്ളുന്നു. പാപികളുടെ മടങ്ങിവരവിനായി സഭ കാത്തിരിക്കുന്നു.പുണ്യവാന്മാരുടെയും വിശുദ്ധരുടെയും ഉപദേശങ്ങളും പ്രാര്ത്ഥനകളും സഭ ഈക്ഷിക്കുന്നു.ദൃശ്യസഭയിൽ ഉള്ളവരെല്ലാം രക്ഷയുടെ പൂര്ണ്ണതയിലേക്ക് വളര്ന്നുകൊണ്ടിരിക്കുകയാണ്. രക്ഷിക്കപ്പെട്ടവരെന്നാൽ ഉടലോടെ സ്വര്ഗ്ഗത്തിൽ പോകാൻ തയ്യാറായവർ എന്ന രീതിയിൽ ആരെയും കണാക്കാക്കികൂടാ.അങ്ങനെ മരുന്നിൽ സ്നാനപ്പെടുന്നവരുടെ പുറംപൂച്ച് പിന്നീട് തെളിയും.കാതോലികവും അപ്പോസ്തോലികവുമായ ഏക വിശുദ്ധ സഭയിൽ നിലനിന്നുകെണ്ട് ദൈവത്തെ അറിഞ്ഞു ജീവിക്കാനും,കോളിനോസ് പുഞ്ചിരിയുമായി സത്യവിശ്വാസത്തേയും സത്യസഭയേയും ചോദ്യം ചെയ്യാൻ വരുന്നവര്ക്ക് ഉചിതമായ മറുപടി പറഞ്ഞു അവരെയും സത്യത്തിലേക്ക് മടക്കി കൊണ്ടുവരാനും ദൈവം നമ്മെ സഹായിക്കട്ടെ!

Courtesy:Carmel Apologetics



# 2014 HARVEST















# FESTIVAL PHOTOS















